# ഡിജിറ്റൽ മാഗസിൻ




## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്-LK/2018/25059

# സന്ദേശം



ലിറ്റിൽ കൈറ്റ്സ് IT ക്ലബ്ബിലൂടെ പൊതുവിദ്യാഭ്യാസ രംഗത്തെ കുട്ടികൾ വിവര വിനിമയ സാങ്കേതികവിദ്യയുടെ നൂതനമേഖലകളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ സ്കൂളിലെ ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ എന്ന സംരംഭത്തിന് ആശംസകൾ നേരുന്നു

ഹെഡ് മിസ് ട്രസ്

ശ്രീമതി. സിനി എ എസ്

# സ്നേഹാദരം

## സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് പുതിയകാവ് സ്കൂളിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ പ്രിയഅധ്യാപകർ



കെ.എം സൈന ടീച്ചർ



കെ കെ മണി ടീച്ചർ

# അണിയറ ശില്പികൾ



*അപർണ കെ.എസ്,കമല ഇ.എസ്,ചന്ദന പി.ടി,പ്രണിത എം ആർ,*
*നവാൽ ഫർഹീൻ കെ.എ,നിഷ പി ആർ*
*അഖില പി.എ,ഫാത്തിമ നിസ്വാന ടി.എൻ,സഫ്ന പി.എസ്,*
*അസ്ഹൽ അൻവർ,അഭിനവ് പി.പി*
*ഗോവിന്ദ് എം.എസ്,അതുൽ കൃഷ്ണ എം ആർ,*
*മുഹമ്മദ് മിർസാഹ് പി.എസ്,ധനീഷ് പി.ആർ*
*അഹമ്മദ് ദീദാത്ത്*

*അശോക് കൃഷ്ണ(കവർ പേജ് ഡിസൈനിംഗ്)*



# സന്ദേശം

ഉദാത്തമായ അനുഗ്രഹങ്ങളിൽ ഒന്നായ കാഴ്ചയെ പിന്തുടരുവാനുള്ള

ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. കാഴ്ചയുടെ മനോഹാരിത പല

തലങ്ങളിൽ നിന്നും അറിയുവാൻ ശ്രമിക്കുന്ന പുതിയ തലമുറയ്ക്ക് ഒരു

പ്രചോദനമാകാൻ ഈ മാഗസിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

എഡിറ്റർ

നവാൽ ഫർഹീൻ കെ എ

# താളുകൾ മറിക്കുമ്പോൾ

പഠനം..........7
കാത്തിരിപ്പ്..........8
എന്റെ റോസാപ്പൂ..........9
വരയിലെ മികവ്..........10
പാഠം 1-പാടത്തേക്ക്..........11
മഴ..........12
മധുരസ്മൃതികൾ..........13
സംഖ്യകൾ..........14
അമ്മുവിന്റെ അമ്മൂമ്മ..........15
കാറ്റ്..........16
അപ്പുവിന്റെ സൈക്കിൾ..........17
നനയാത്ത കട..........19
നായയോടുള്ള സ്നേഹം..........20
മഴക്കാലം..........22
അമ്പിളി അമ്മാവൻ..........23
ഉമ്മ..........24

## പഠനം



ഒരുപാട് പുസ്തകങ്ങൾ എനിക്കു മുന്നിൽ തുറന്നുവച്ചിരിക്കുന്നു
അതിലൊന്ന് തുറന്ന് നോക്കിയപ്പോൾ നിഴലുപോലുള്ള അക്ഷരങ്ങൾ
അതിലൂടെ കണ്ണോന്നോടിച്ചെങ്കിലും തെളിഞ്ഞില്ലഒരുവാക്കുപോലും
ഉറക്കമെൻ കണ്ണിനെ കീഴ്പ്പെടുത്തി എന്നാകിലും
തുറന്നു പിടിച്ചു ഞാൻ ഈർക്കിൽ കുത്തിയ കണക്കെ
അടച്ചു വച്ചു ഞാൻ ആ ദിവ്യ പുസ്തകത്തെ
അലസനായ് അലഞ്ഞുഞാൻ ആ മുറിയിൽ തനിയെ
അമ്മയും അച്ഛനും പ്രതീക്ഷകൾ അഴിച്ചുവിട്ടു
പത്താം ക്ലാസിലെ ഒന്നാം റാങ്കുകാരിയത്രെ
ദേഷ്യം വന്നു എനിക്കത്തരം പറച്ചിലുകളിൽ
അടക്കി വച്ചു ഞാൻ പുറത്തേക്കെടുക്കാതെ
പഠിക്കു ,പഠിക്കു എന്ന മന്ത്രം കേട്ടവശനായ്
കിടന്നു ഞാൻ ശരശയ്യയിലെന്ന പോൽ
ആ മന്ത്രവുമായി പിന്നെയും എന്നരികിലെത്തി
ഞെട്ടിത്തെറിച്ചു ഞാൻ ചാടിയെഴുന്നേറ്റു
പിന്നെയും പുസ്തകം കൈയിലേന്തി
വായിക്കുന്നു എന്ന വ്യാജേന തുറന്നിരുന്നു
പിന്നെയും അക്ഷരങ്ങൾ എങ്ങോട്ടെന്നില്ലാതെ
ഒഴുകുന്നു നദിപോലെ,കടൽപോലെ,പുഴപോലെ..........

നവാൽ ഫർഹീൻ കെ എ 9B



# കാത്തിരിപ്പ്




പതിവുപോലെ ഞാനാ പടിവാതിൽക്കൽ
ചാരിയകലേക്കു നോക്കി നിന്നു....
അകലെയൊരാകാശത്തിൻ കണ്ണു ചിമ്മിടുന്ന
കുഞ്ഞു താരത്തെ ഞാൻ ഉറ്റുനോക്കി.

ഉറക്കച്ചടവിനെ വിസ്മരിച്ചിട്ട് ഞാനെൻ
ബാല്യകാലം തിരിഞ്ഞുനോക്കി
അച്ഛനമമ്മയും കൂടപിറപ്പുമായ്
സന്തോഷത്തോടെ വസിച്ച കാലം

ഓർത്തോർത്തിരിക്കെ മനസ്സിലേക്കോടി-
ക്കിതച്ചെത്തി ആ കെട്ട കരിദിനങ്ങൾ
ഇന്നും ഞാനോർക്കാൻ ശ്രമിക്കാത്ത
സ്വപ്നങ്ങളെന്നിലടിച്ചമർത്തിയ ദിനം

ഇന്നമാവിളികേട്ടിടാനായി അകലെ-
യായ് വീശുന്ന കാറ്റിന്നു കാതോർത്തു ഞാൻ
തിരികെ വരില്ലെന്നറപ്പെങ്കിലും പിന്നെ-
അറിയില്ല എന്തിനീ കാത്തിരിപ്പ്..........



അൽ-ഷിഫ പി എസ് 10B

## എന്റെ റോസാപ്പൂ



എന്റെ ഉദ്യാനത്തിൽ വളർന്ന്
പല വർണ്ണങ്ങളിൽ വിരിഞ്ഞ്
ഒരു നോക്കിൽ എൻ മനം കവർന്നവൾ

ഒരു മൊട്ട് മാത്രമായിരുന്നവൾ
വിരിയുമ്പോൾ ഒരു സുന്ദരി
എല്ലാവർക്കും ഒരു മധുര സ്വപ്നമായിരുന്നവൾ

കൊഴിയുമ്പോൾ,
ഒരു കമ്പ് മാത്രം ബാക്കിയാക്കി മണ്ണോട് ചേരുന്നവൾ
സ്നേഹത്തിൻ പ്രതീകം
എൻ സ്വന്തം റോസാപ്പൂ.............

തേജശ്രീ എസ് 9B



## വരയിലെ മികവ്







നൂർജഹാൻ പി എ 9 B

# പാഠം 1-പാടത്തേക്ക്





*പാഠം-1പാടത്തേക്ക്  എന്ന പദ്ധതിയിലൂടെയാണ് ഞങ്ങൾ കുറച്ച് വിദ്യാർത്ഥി സുഹൃത്തുക്കളും,PTA പ്രസിഡൻറും,ടീച്ചർമാരും കൂടി സ്കൂളിൽനിന്ന് പൊക്കാളിപ്പാടത്തേക്ക് യാത്രതിരിച്ചു.രാവിലെ 10 മണിയോടെയാണ് ഞങ്ങൾ യാത്രതിരിച്ചത്.അവിടെ ഞങ്ങളെ കാത്തിരുന്നത് വളരെ വ്യത്യസ്തങ്ങളായ കാഴ്ചകളായിരുന്നു.ആദ്യം പാടത്തിറങ്ങാൻ സമ്മതിച്ചില്ലെങ്കിലും പിന്നീട് ടീച്ചറും എല്ലാവരും സമ്മതിക്കുകയായിരുന്നു.വളരെ രസകരമായ അനുഭവങ്ങളാണ് ഞങ്ങൾക്ക് ഈ പദ്ധതി സമ്മാനിച്ചത്.  വിദ്യാർത്ഥികളാണ് ഭാവി വാഗ്ദാനങ്ങൾ.അവരെ കൃഷിയിലേക്ക് ചേർത്ത് നിർത്താൻ മുൻ കൈയെടുക്കുന്ന "പാഠം-1പാടത്തേക്ക് "എന്ന പദ്ധതി വിദ്യാർത്ഥി സമൂഹത്തിന്  പ്രയോജനപ്രദമാണ്. ടീച്ചർക്ക് ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും ഈ കുറിപ്പിൽ ഞങ്ങൾ രേഖപ്പെടുത്തുന്നു.*



നിരഞ്ജന ബിജു 9B

**മഴ**



*മഴവരുന്നൊരു കാലമല്ലെ*

*മഴക്കാലമിത്....*

*ഈ....മഴവരുന്നൊരു കാലമല്ലെ*

*മഴക്കാലം....*

*മുറ്റമാകെയൊരു പുതുമണം*

*നല്ല മണ്ണിൻ മണം*

*മരങ്ങൾ കാറ്റിൽ ആടി ഉലയുന്നു*

*കാർമേഘങ്ങൾ സൂര്യനെ മറക്കുന്നു*

*മഴക്കാലത്ത് കാലിട്ടടിക്കുന്നു കുട്ടികൾ*

*രസിക്കുന്നു ഈ മഴക്കാലം*

*മഴവില്ലഴക വിരിയുമ്പോൾ ചെറുപുഞ്ചിരിയുമായി*

*കുട്ടികൾ ഓടുന്നു*

*എത്ര സുന്ദരമാണി നമ്മുടെ പുതുമഴ....*

*പുതുമഴ.....പുതുമഴ...*

*(ജ്യോത്സന 8A)*



## മധുരസ്മൃതികൾ


















# സംഖ്യകൾ




ഒന്നും ഒന്നും രണ്ടാണ്
മൂളും വണ്ടുകൾ രണ്ടാണ്
രണ്ടും രണ്ടും മൂന്നാണ്
മരത്തിൽ മൂങ്ങകൾ മൂന്നാണ്
മൂന്നും ഒന്നും നാലാണ്
നാരങ്ങ ചെടികൾ നാലാണ്
നാലും ഒന്നും അഞ്ചാണ്
സഞ്ചിയിൽ ഇഞ്ചികൾ അഞ്ചാണ്

അഞ്ചും ഒന്നും ആറാണ്
റോഡിൽ കാറുകൾ ആറാണ്
ആറും ഒന്നും ഏഴാണ്
കടയിൽ വഴുതനയേഴാണ്
ഏഴും ഒന്നും എട്ടാണ്
വീട്ടിൽ കുട്ടികൾ എട്ടാണ്
എട്ടും ഒന്നും ഒമ്പത്
മരത്തിൽ ഒമ്പത് കൊമ്പാണ്
ഒമ്പതും ഒന്നും പത്താണ്
പൊത്തി പത്ത് നത്താണ്

അശോക് കൃഷ്ണ 9B



# അമ്മുവിന്റെ അമ്മൂമ്മ

ഒരിടത്തൊരു അമ്മൂമ്മയും പേരക്കുട്ടിയും ഉണ്ടായിരുന്നു.കുട്ടിയുടെ അച്ഛനും അമ്മയും വിദേശത്താണ് താമസിക്കുന്നത്.അമ്മൂമ്മ അവളെ



അമ്മു എന്നാണ് വിളിച്ചിരുന്നത്.അമ്മൂമ്മ അവൾക്ക് എല്ലാദിവസവും കഥ പറഞ്ഞു കൊടുക്കുമായിരുന്നു.അവളെ അമ്മുമ്മ പാടത്ത് കൊണ്ടുപോകുമായിരുന്നു.ഒരു ദിവസം അമ്മുവിന്റെ അച്ഛനും അമ്മയും നാട്ടിൽ എത്തി.അവളെ കൊണ്ടുപോകാനാണ് അവർ വന്നത്. അവൾക്ക് വളരെയധികം വിഷമമായി.അമ്മൂമ്മയെയും കൊണ്ടുപോകാമെന്ന് അവൾ പറഞ്ഞു.പക്ഷേ അച്ഛനും അമ്മയും അത് കേട്ടില്ല.അവളെ അവർ അവിടെ നിന്നും കൊണ്ടുപോയി.അവളെ കൊണ്ടുപോയ സ്ഥലം അവൾക്ക് ഇഷ്ടപ്പെട്ടില്ല.അവൾ അവിടത്തെ ഭക്ഷണവും കഴിച്ചില്ല.അവൾക്ക് അമ്മൂമ്മയെ കാണണമെന്ന് വാശിപിടിച്ചു.അവളെ അവർകൊണ്ടുപോയില്ല. അവസാനം അവളെ അവർ നാട്ടിലെക്ക് കൊണ്ടുപോയി.അവള് നാടിലെക്ക് വന്നപോൾ അവൾ കണ്ടത് അമ്മുമ്മയുടെ ചിത്രം മാത്രം ആയിരുന്നു.

ശിവപ്രിയ പി.എസ് 9 B





## കാറ്റ്

*വടക്കുനിന്നും ചൂളം വിളിച്ചുകൊണ്ട്*

*ഓടിവരുന്നൊരു കാറ്റ്*

*കൈകളിൽ തട്ടി*

*ആർത്തു വരുന്നൊരു കാറ്റ്*

*തേൻമാവ് തട്ടി*

*വരുന്നൊരു കാറ്റ്*

*എൻ മനസ്സിൽ സ്നേഹം ഉണർത്തി*

*വരുന്നൊരു കാറ്റ്*

*ശ്രീലക്ഷ്മി സി.യു 9B*





**അപ്പുവിന്റെ സൈക്കിൾ**

ഒരു ഗ്രാമത്തിൽ താമസിച്ചിരുന്ന ഒരു പാവപ്പെട്ട കുടുംബമായിരുന്നു അപ്പുവിന്റേത്. അവന്റെ അച്ഛന്റെയും അമ്മയുടെയും ജോലി പതിവുള്ളതായിരുന്നില്ല. കൂലിയും കുറവായിരുന്നു. അപ്പുവിനെ അവർ ഒരു നല്ല കുട്ടിയായി തന്നെയാണ് വളർത്തിയിരുന്നത് അവന് ഒരു ചേച്ചിയാണ് ഉണ്ടായിരുന്നത്. അവൾ പട്ടണത്തിൽ പഠിക്കുകയായിരുന്നു. അപ്പു അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്. അപ്പുവിന് ഒരേഒരു ആഗ്രഹം മാത്രം ഉണ്ടായിരുന്നുള്ളൂ 'ഒരു സൈക്കിൾ'. അവൻ ക്ലാസിൽ പോകുമ്പോൾ സൈക്കിൾ ചവിട്ടി പോകുന്ന കുറെ കുട്ടികളെ കണ്ടിട്ടുണ്ട്. അവൻ അത് പല തവണ അച്ഛനോടു അമ്മയോടും പറഞ്ഞിട്ടുമുണ്ട്. ചേച്ചിയുടെ പഠിപ്പും വീട്ടിലെ അവസ്ഥയും അവന്റെ ആഗ്രഹത്തിന് തടസ്സം ആയിരുന്നു . ഒരു ദിവസം അപ്പു വഴിയിലൂടെ

നടന്നു പോകുമ്പോൾ അവൻ ഒരു സൈക്കിൾ വഴിയിൽ ഇരിക്കുന്നത് കണ്ടു . അവൻ അതിന്റെ അടുത്തേക്ക് പോയി, അതിൽ തൊട്ടുനോക്കി . അവന് അത് വേണമെന്ന് തോന്നി. പക്ഷേ അവന്റെ നല്ല മനസ്സിന് അത് ചെയ്യാൻ തോന്നിയില്ല. അപ്പോൾ തന്നെ ഒരു വലിയ മനുഷ്യൻ അവന്റെ മുമ്പിൽ വന്നു. കണ്ടാൽ ഒരു പാവം . തന്റെ സൈക്കിൾ എന്തിനാണ് തൊട്ടുനോക്കുന്നതെന്ന് പറഞ്ഞ് അയാൾ അവനെ പിണങ്ങി . അപ്പോൾ അവൻ തന്റെ ആഗ്രഹം അയാളോട് പറഞ്ഞു . പിറ്റേന്ന് അവൻ രാവിലെ വീടിന്റെ വാതിലിൽ തുറന്നപ്പോൾ ഒരു സൈക്കിൾ . ആ സൈക്കിൾ ആരാണ് അവിടെ കൊണ്ടുവന്നതേന്ന് അവന് ഇപ്പോളും അറിയില്ല.

ശ്രീലക്ഷ്മി സി യു 9B



## നനയാത്ത കുട

തോരാതെ മഴ പെയ്യുന്നു
തിമിർത്ത് തുള്ളി പെയ്യുന്നു
ആകാശം നിന്നലറുന്നു
ആനക്കൊമ്പനമറും പോൽ




ഏൻ കുട പാടെ കേടല്ലോ
ഏച്ചു കൂടിയതാണല്ലോ
പിഞ്ഞിക്കീറിയതണല്ലോ
കെട്ടുപൊട്ടിയതാണല്ലോ

കാലും കുതിരയുമില്ലല്ലോ
തുമ്പും കുമ്പിയുമില്ലല്ലോ
നൂലും ശീലയുമില്ലല്ലോ
ഞെക്കും കൈപ്പിടിയില്ലല്ലോ

തോരാത്തിമഴ പെയ്യുന്നു
തിരാപ്പേടി തിറമ്പുന്നു
പാതയിരുട്ടിൽ മുങ്ങുന്നു
പെയ്ത്തിൻ പൊയ്ത്താണിടിവെട്ടും

ചോരുന്നു കുട പിന്നെയും
ചോരുന്നല്ലോ കൈത്തടവും
ചോരുന്നല്ലോ നെൻചകതാര്
ചോരുകയല്ലോ സ്വപ്നങ്ങൾ



വീടും ചോരുകയാണല്ലോ
നാടും ചോരുകയാണല്ലോ
ഭാഷ ചോരുകയാണല്ലോ
ലോകം ചോരുകയാണല്ലോ

നിഷ.പി.ആർ 9B

## നായയോടുള്ള സ്നേഹം

ഒരിടത്ത്.......... ഒരിടത്ത് ..........



ഒരു വീട്ടിൽ അച്ഛനും അമ്മയും രണ്ടു കുട്ടികളും ഉണ്ടായിരുന്നു. ഒരു കുട്ടിയുടെ പേര് അമൽ.രണ്ടാമത്തെ കുട്ടിയുടെ പേര് അനന്തു. ഒരു ദിവസം അമൽ സ്കൂളിൽ പോവുകയായിരുന്നു. വഴിയരികിൽ ഒരു ചെറിയ നായക്കുട്ടി കിടക്കുന്നത് കണ്ട് അമൽ ഒരു ചെറിയ പാത്രത്തിൽകുറച്ച് വെള്ളം കൊടുത്തു. അവന് ആ നായക്കുട്ടിയെ വളരെ ഇഷ്ടമായി. വൈകുന്നേരം വീട്ടിൽ പോകുന്ന അവൻ ആ വഴിയരികിലുള്ള നായക്കുട്ടിയെ എടുത്ത് വീട്ടിൽ കൊണ്ടു പോയി. വീട്ടിലെ അച്ഛനമമ്മയും അവനെ പിണങ്ങിയില്ല. എന്നാൽ അവന്റെ സഹോദരൻ അനന്തുവിന് അത് ഇഷ്ടമായില്ല. അവൻ ആ നായക്കുട്ടിയെ വീടിന്നു പുറത്താക്കാൻ നോക്കി പക്ഷെ അപ്പോഴേക്കും അമൽ കണ്ടു. അമൽ ആ നായയെ ഒരു കൂടപ്പിറപ്പിനെ പോലെ നോക്കി. ആഹാരം, വെള്ളം എന്നിവ കൊടുത്തു. ആ നായയ്ക്കും അവനെ വിട്ടുപിരിയാൻ മനസ്സുവന്നില്ല. അത് അവന്റെ അടുത്തു ചെന്നു തലോടിയും അവർ രണ്ടുപേരും സഹോദരങ്ങളെ പോലെയായി. ഒരു ദിവസം അമൽ സ്കൂളിലേക്ക് പോയി വീട്ടിലേക്കു മടങ്ങുന്ന വഴി ഒരു

കാറു വന്ന് അമലിനെ ഇടിച്ചു തെറിപ്പിച്ചു. ആ കാഴ്ച്ച കണ്ട നായക്കുട്ടി ബൗ.... ബൗ..... എന്ന് കുരച്ച് ആളെ കൂട്ടി . ആ വഴിയിൽ കൂടെ പോകുന്ന വഴിയാത്രക്കാർ തിരിഞ്ഞുനോക്കിയില്ല. കുറച്ചുനേരം കഴിഞ്ഞ് ഒരു സാധാരണക്കാരൻ ഇതു കണ്ടു. അയാൾ എത്രയും പെട്ടെന്നു അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. പെട്ടെന്ന് അവന്റെ അച്ഛനേയും അമ്മയേയും വിളിച്ചുവരുത്തി. ആ യാത്രക്കാരൻ പറഞ്ഞു "ഈ നായ ഇല്ലാതിരുന്നെങ്കിൽ നിങ്ങളുടെ മകൻ......"

ഈ നായ സ്നേഹമുള്ളവനാണ്. ഇതിനെ ഉപേക്ഷിക്കരുത്. ഒരു മനുഷ്യൻ പോലും തിരിഞ്ഞുനോക്കാത്ത ഇക്കാലത്ത് നാം എന്തു ചെയ്യും. ഈ നായക്കുട്ടിയേ നിങ്ങളുടെ മകൻ സ്നേഹിച്ചു അതാണ് ഈ നായയ്ക്ക് അവനോട് സ്നേഹമുള്ളത്. ഈ നായയെ നിങ്ങൾ വിട്ടുകളയരുത്. എന്ന് പറഞ്ഞുകൊണ്ട് ആ വഴിയാത്രക്കാരൻ മടങ്ങി. അവന്റെ അസുഖങ്ങളെല്ലാം മാറി വീട്ടിലെത്തിയപ്പോൾ അവന്റെ അമ്മയും അച്ഛനും എന്തിനീ അനുജൻ പോലും ആ നായയെ പരിപാലിക്കുന്നുണ്ട് കൂട്ടുകാരേ.... ഇക്കാലത്ത് ഇങ്ങനെയൊരു നായയെ കിട്ടാൻ ബുദ്ധിമുട്ടായിരിക്കും. കുട്ടിക്ക് നായയോടും നായയ്ക്ക് കുട്ടിയോടുമുള്ള സ്നേഹം യഥാർത്ഥമാണ്.

*ഉത്തര ഇ യു 8A* 

**മഴക്കാലം**

*മഴ വരുന്നൊരു കാലമല്ലേ ....*

*മഴക്കാലം....*

*ഈ..മഴവരുന്നൊരു*



*കാലമല്ലേ.....മഴക്കാലം*

*മുറ്റമാകെയൊരു പുതുമണം*

*നല്ലമണ്ണിൻ മണം*

*ചെടികൾ കാറ്റിൽ ആടി ഉലയുന്നു*

*കാർമേഘങ്ങൾ സൂര്യനെ മറയ്ക്കുന്നു*

*മഴക്കാലത്ത് എത്ര ശാന്തമാണി ഭൂമി....*

*എത്ര സുന്ദരനിമിഷമാണീ മഴ*

*നമ്മുടെ പുതുമഴ.....*

*ആര്യ വിനു 8A*



**അമ്പിളി അമ്മാവൻ**



*അമ്പിളി അമ്മാവൻ ചെറുപ്പത്തിൽ എന്നെയും മറ്റു കുട്ടികളെയും ഏറെ ആകർഷിച്ച ഒന്നാണ് . ചെറുപ്പത്തിൽ എന്തെങ്കിലും ആഗ്രഹം ചോദിച്ചാൽ ആദ്യം പറയുക അമ്പിളി അമ്മാവനെ പിടിച്ചു തരണം എന്നാണ് . കുറേ നാളുകൾക്ക് ശേഷമാണ് അമ്പിളി അമ്മാവൻ എന്നു വിശേഷിപ്പിക്കുന്നത് ഒരു ഉപഗ്രഹമാണെന്ന് എനിക്ക് മനസ്സിലായത്. അമ്പിളി അമ്മാവൻ താഴെ വരുമോ എന്നത് എന്നും എന്റെ ഒരു സംശയമായിരുന്നു അത് . ചന്ദ്രൻ എന്ന ഉപഗ്രഹത്തെ പറ്റി ഒരു പാട് കഥകളുണ്ട്. ഒരിക്കൽ ഗണപതി ഭഗവാൻ വയറു നിറയെ ഭക്ഷണം കഴിച്ച് വഴിയിലൂടെ നടന്നു വരുകയായിരുന്നു . അപ്പോൾ കാലു തട്ടി നിലത്തു വിണു . അപ്പോൾ ഭഗവാൻ നോക്കിയപ്പോൾ കണ്ടത് ചന്ദ്രൻ ചിരിച്ചുനിൽക്കുന്നതാണ്. അപ്പോൾ തന്നെ ഗണപതി ചന്ദ്രനെ ശപിച്ചു . അന്നേ ദിവസം ചന്ദ്രനെ നോക്കുന്നവൻ പിന്നെ അങ്ങോട്ട് കഷ്ടകാലമാകട്ടെ എന്ന് . ഇതു പോലെ ഒരുപാട് കഥകൾ ചന്ദ്രനെ പറ്റി ഉണ്ട്.*



*ഷാൻഷാജി 9B*

# ഉമ്മ

കണ്ണീരു കൊണ്ട് ഞാൻ കഥകൾ മെനയാം...



കരയുന്ന ഉമ്മാക്ക് തണലായിടാം ......

നാഥ ഉമ്മാക്ക് തുണയാകണേ...

നാളെയാ സുബർകത്തിൽ ഇടം

നൽകണേ...

നിൻ മഹശറയിൽ

തണലേകണേ.........

സ്വർഗത്തിൽ പാത നി കാട്ടിടണേ..........

*നൂർജഹാൻ 9B*



***ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിന് പൂർണ്ണപിന്തുണ നൽകിയ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും കവർപേജ് ഡിസൈൻ ചെയ്ത അശോക് കൃഷ്ണയ്ക്കും അതിന് നേതൃത്വംനൽകിയ ദയടീച്ചർക്കും ശാലിനി ടീച്ചർക്കും അദൃശ്യ പിന്തുണ നൽകിയ സർവ്വേശ്വരനും ഒരായിരം നന്ദി.......***

